# 'സുഭദ്ര കുടുംബം സുരക്ഷിത സമൂഹം' കെ.ഐ.ജി കാമ്പയിൻ

**മനാമ:** 'സുഭദ്ര കുടുംബം സുരക്ഷിത സമൂഹം' എന്ന തലക്കെട്ടിൽ കേരളാ ഇസ്‌ലാമിക് ഗ്രൂപ്പ് നടത്തിയ ഒരു മാസം നീണ്ട കാമ്പയിൻ കുടുംബത്തിന്റെ പ്രാധാന്യത്തെയും അത് നൽകുന്ന സുരക്ഷിതത്വത്തെയും കുറിച്ച ഓർമപ്പെടുത്തലിന് വഴിയൊരുക്കി.

ഫെബ്രുവരി ഒന്നിന് പാകിസ്താൻ ക്ലബിൽ സംഘടിപ്പിച്ച സെമിനാർ ബഹ്റൈൻ പാർലമെന്റ് മെമ്പർ ശൈഖ് ഇബ്റാഹീം അൽഹാദി ഉദ്ഘാടനം ചെയ്തു. കുടുംബം സുഭദ്രമായിത്തീരണമെങ്കിൽ ലക്ഷ്യബോധം അനിവാര്യമാണെന്നും നൈമിഷിക സുഖത്തിന്റെ പിന്നാലെ പായുന്ന മനുഷ്യന് ഇഹലോകത്ത് ശാന്തിയും സമാധാനവും പരലോകത്ത് സ്വർഗവും നഷ്ടപ്പെടുമെന്നും അദ്ദേഹം ഉണർത്തി.

കെ.എം.സി.സി പ്രസിഡന്റ് സി.കെ അബ്ദുർറഹ്മാൻ, 'പ്രതിഭ' പ്രതിനിധി പി.ടി നാരായണൻ, ബഹ്റൈൻ കേരളീയ സമാജം പ്രസിഡന്റ് ജി.കെ നായർ, സൂര്യ സോഷ്യൽ ആന്റ് കൾച്ചറൽ അസോസിയേഷൻ പ്രസിഡന്റ് പി.പി ബശീർ, ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് പ്രസിഡന്റ് സാമുവൽ കിഴക്കുംപുറം, കെ.ഐ.ജി വൈസ് പ്രസിഡന്റ് ഹബീബുർറഹ്മാൻ കിഴിശ്ശേരി, സഈദ് റമദാൻ നദ്‌വി, ജമാൽ മാട്ടൂൽ, കെ.ഐ.ജി പ്രസിഡന്റ് ടി.ടി മൊയ്തീൻ തുടങ്ങിയവർ സംസാരിച്ചു.

കെ.ഐ.ജി യൂനിറ്റുകൾ ഫ്ളാറ്റുകളെയും പ്രദേശങ്ങളെയും കേന്ദ്രീകരിച്ച് അതത് പ്രദേശങ്ങളിൽ സംഘടിപ്പിച്ച അയൽക്കൂട്ടങ്ങൾ കാമ്പയിൻ സന്ദേശം കുടുംബങ്ങളിലേക്ക് പകർന്നുനൽകി. സ്ത്രീകൾക്ക് പ്രത്യേകമായ അയൽക്കൂട്ടങ്ങളും സംഘടിപ്പിച്ചു.

വിവിധ സ്ഥലങ്ങളിൽ പൊതുപ്രഭാഷണങ്ങളും ചർച്ചാ സദസ്സുകളും സംഘടിപ്പിച്ചു. ലഘുലേഖകളും 'തനിമ' പുറത്തിറക്കിയ 'വധു' സി.ഡിയും വിവിധ പ്രഭാഷണ സി.ഡികളും കാമ്പയിൻ പ്രചാരണത്തിന് ഉപയോഗപ്പെടുത്തി. കുടുംബ ജീവിതം ഭദ്രമാക്കാനുതകുന്ന ഒമ്പത് പുസ്തകങ്ങൾ രണ്ട് ദീനാറിന് നാട്ടിലേക്ക് എത്തിക്കുന്നതിനുള്ള സംവിധാനമൊരുക്കിയിരുന്നു. പോസ്റ്ററുകൾ പതിക്കുകയും വ്യക്തിസമ്പർക്കങ്ങളിലൂടെയും സ്ക്വാഡ് പ്രവർത്തനങ്ങളിലൂടെയും മൂല്യവത്തായ കുടുംബസങ്കൽപത്തിന്റെ സന്ദേശം പ്രചരിപ്പിക്കുകയും ചെയ്തു.

കാമ്പയിന്റെ ഭാഗമായി എത്തിയ ശൈഖ് മുഹമ്മദ് കാരകുന്ന് വിവിധ പരിപാടികളിൽ പങ്കെടുത്തു. 'സാമൂഹിക ഇടപെടലുകളുടെ ഇസ്‌ലാമിക മാനം' എന്ന വിഷയത്തിൽ മനാമ ഫാറൂഖ് മസ്ജിദിലും 'സദാചാര ഭദ്രതയും കുടുംബത്തകർച്ചയും' എന്ന വിഷയത്തിൽ ഹാല മസ്ജിദുൽ ഈമാനിലും 'സാംസ്കാരിക അധിനിവേശവും കുടുംബത്തകർച്ചയും' എന്ന വിഷയത്തിൽ റിഫ ഡിസ്കവർ ഇസ്‌ലാമിലും സംഘടിപ്പിച്ച പൊതു പ്രഭാഷണ പരിപാടികളിൽ ധാരാളം പേർ പങ്കെടുത്തു.

പ്രവാസി സമൂഹത്തിന്റെ സാംസ്കാരിക-കലാ-മാധ്യമ മേഖലകളിൽ പ്രവർത്തിക്കുന്ന വ്യക്തികളെ പങ്കെടുപ്പിച്ച് ബാങ്കോക്ക് റസ്റ്റോറന്റിൽ നടത്തിയ ടേബ്ൾടോക്ക് വിഷയത്തെ സംബന്ധിച്ച വേറിട്ട ചർച്ചക്ക് വേദിയായി. കൂട്ടുകുടുംബങ്ങളിലുണ്ടായിരുന്ന സുരക്ഷിതത്വവും പ്രയാസങ്ങളിൽ കൈത്താങ്ങാകുന്ന സാഹചര്യവും അണുകുടുംബ വ്യവസ്ഥകളിലൂടെ ഇല്ലായ്മ ചെയ്യപ്പെട്ടതായും ദൃശ്യ-ശ്രാവ്യമാധ്യമങ്ങളെ നിയന്ത്രിക്കാൻ മുതിർന്നവർക്ക് ബാധ്യതയുണ്ടെന്നും ടേബ്ൾടോക്കിൽ സംസാരിച്ചവർ അഭിപ്രായപ്പെട്ടു. പരിപാടിയിൽ ജി.ഡി.എൻ അസോസിയേറ്റ് എഡിറ്റർ സോമൻ ബേബി, വി.എ ബാലകൃഷ്ണൻ (പ്രേരണ), മാധ്യമപ്രവർത്തകൻ ഇ.വി രാജീവൻ, കഥാകൃത്ത് ബെന്യാമിൻ, ഐ.എം.സി.സി പ്രസിഡന്റ് ജലീൽ ഹാജി, സംസ്കാര തൃശൂർ പ്രസിഡന്റ് പി. സുഗതൻ, പി.സി വിനോദ് (നവകേരള കലാവേദി), മഹല്ല് അസോസിയേഷൻ ഓഫ് തൃശൂർ പ്രസിഡന്റ് പി.പി.എ റഹ്മാൻ, ജെയിംസ് (കൈരളി ടി വി), ഫോക്കസ് സെക്രട്ടറി മൊയ്തീൻ പാലക്കൽ, ഇബ്നു നഫീസ് ആശുപത്രിയിലെ സൈക്യാട്രിസ്റ്റ് ഡോ. ശമീറ, സൂര്യ ചാരിറ്റബ്ൾ ആന്റ് കൾച്ചറൽ ജോ. സെക്രട്ടറി കെ.ടി സലീം, പ്രതിഭ പ്രസിഡന്റ് സുബൈർ കണ്ണൂർ, കേരള കാത്തലിക് അസോസിയേഷൻ പ്രസിഡന്റ് സേവി മാത്തുണ്ണി, ഇബ്നുൽ ഹൈസം സ്കൂൾ ഹെഡ്മിസ്ട്രസ് നാജിയ അഹ്മദ്, ശംല ശരീഫ്, ജമാൽ മാട്ടൂൽ, കെ.ഐ.ജി പ്രസിഡന്റ് ടി.ടി മൊയ്തീൻ, ജനറൽ സെക്രട്ടറി സി.കെ ഷാജഹാൻ, വനിതാ വിഭാഗം ഓർഗനൈസർ സാജിദ സലീം, സഈദ് റമദാൻ നദ്‌വി, കാമ്പയിൻ കൺവീനർ ഇ.കെ സലീം, ഹബീബുർറഹ്മാൻ കിഴിശ്ശേരി, ഐ.എം സലീം, ഡോ. ഉസ്മാൻ, വി. മുഹമ്മദ് എന്നിവർ പങ്കെടുത്തു. വിശ്വാസത്തിലൂന്നിയ ജീവിതശൈലിക്ക് മാത്രമേ മൂല്യങ്ങളെ നിലനിർത്താനാവൂ എന്ന് വിഷയം അവതരിപ്പിച്ച് ശൈഖ് മുഹമ്മദ് കാരകുന്ന് ഉണർത്തി.

അനാറത്ത് ഹാളിൽ സംഘടിപ്പിച്ച വനിതാ സമ്മേളനത്തിൽ 'സ്ത്രീ ശാക്തീകരണം: ഇസ്‌ലാമിക വായന' എന്ന വിഷയത്തിൽ ശൈഖ് മുഹമ്മദ് കാരകുന്ന് സംസാരിച്ചു. ജനിക്കാനും ജീവിക്കാനും സ്വതന്ത്രമായി അഭിപ്രായം പറയാനും സ്ത്രീയെ അനുവദിക്കുകയും തീരുമാനങ്ങൾ എടുക്കുന്നതിൽ പങ്കാളിയാക്കുകയും ചെയ്തത് ഇസ്‌ലാമാണെന്ന് അദ്ദേഹം പറഞ്ഞു. ശക്കീല നസ്മി വനിതാ സമ്മേളനം ഉദ്ഘാടനം ചെയ്തു. 'സദാചാരവും കുടുംബഭദ്രതയും' എന്ന വിഷയത്തിൽ നാജിയ ടീച്ചർ സംസാരിച്ചു.

കാമ്പയിന്റെ ഭാഗമായി മലർവാടി ബാലസംഘത്തിന്റെ ആഭിമുഖ്യത്തിൽ 'ചിരിക്കാം ഒത്തുചിരിക്കാം' എന്ന ബാനറിൽ സൽമാനിയ കലവറ റസ്റ്റോറന്റിൽ കുട്ടികളുടെ ഒത്തുചേരൽ സംഘടിപ്പിച്ചു. ശൈഖ് മുഹമ്മദ് കാരകുന്ന് സംസാരിച്ചു. കുട്ടികൾ കലാപരിപാടികൾ അവതരിപ്പിച്ചു.

പാകിസ്താൻ ക്ലബിൽ സംഘടിപ്പിച്ച സമാപന സമ്മേളനം ബഹ്റൈൻ പാർലമെന്റംഗം ശൈഖ് മുഹമ്മദ് ഖാലിദ് ഉദ്ഘാടനം ചെയ്തു. കുടുംബത്തിന്റെ സമാധാനം നമ്മുടെ ജീവിതത്തിന്റെ ഭദ്രമായ നിലനിൽപിന് അനിവാര്യമാണെന്നും ഇസ്‌ലാം കുടുംബജീവിതത്തിന് നൽകുന്ന പ്രാധാന്യം വളരെ വലുതാണെന്നും അദ്ദേഹം ഉണർത്തി. ഹബീബുർറഹ്മാൻ കിഴിശ്ശേരി കാമ്പയിൻ റിപ്പോർട്ട് അവതരിപ്പിച്ചു. പ്രസിഡന്റ് ടി.ടി മൊയ്തീൻ അധ്യക്ഷത വഹിച്ചു. കാമ്പയിൻ കൺവീനർ ഇ.കെ സലീം സ്വാഗതവും സി. ഖാലിദ് പ്രാർഥനയും നിർവഹിച്ചു. പ്രവർത്തകർ കലാപരിപാടികൾ അവതരിപ്പിച്ചു.

**സഈദ് റമദാൻ നദ്‌വി**